**പതിമൂന്നാം കേരള നിയമസഭ**
**പത്താം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 2312

23.01.2014-ലെ മറുപടിയ്ക്ക്

## എസ്.സി/എസ്.ടി സഹകരണ സംഘങ്ങൾക്കുള്ള ആനുകൂല്യങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.തിലോത്തമൻ | ശ്രീ.സി.എൻ.ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ മന്ത്രി) |
| (എ) പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്ക് ജില്ലാ പഞ്ചായത്തുകൾ വഴിയുള്ള ആനുകൂല്യങ്ങൾ ലഭിക്കണമെങ്കിൽ നിലവിലുള്ള നിബന്ധനകൾ എന്തെല്ലാമാണെന്നു വ്യക്തമാക്കുമോ; | (എ) പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്ക് ജില്ലാ പഞ്ചായത്ത് മുഖേന ആനുകൂല്യങ്ങൾ ലഭിക്കണമെങ്കിൽ സംഘങ്ങൾ മൂന്ന് വർഷം തുടർച്ചയായി പ്രവർത്തിക്കേണ്ടതും ഓഹരി മൂലധനത്തിന്റെ അമ്പത് ശതമാനത്തിൽ അധികരിച്ച നഷ്ടം ഉണ്ടാകാനും പാടില്ലാത്തതാണ്. തൊഴിലധിഷ്ഠിത പ്രോജക്ടുകൾക്ക് മൂലധനചെലവിന്റെ അമ്പത് ശതമാനം എന്ന പരിധിക്ക് വിധേയമായി ധനസഹായം നൽകുവാനാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. |
| (ബി) തുടർച്ചയായി 3 വർഷം ലാഭത്തിൽ പ്രവർത്തിക്കുന്ന സംഘങ്ങൾക്കേ ഇത്തരം ആനുകൂല്യം നൽകാറുള്ളൂ എന്ന് വ്യവസ്ഥയുണ്ടോ: | (ബി) ആനുകൂല്യം ലഭിക്കുന്നതിന് മൂന്ന് വർഷം ലാഭത്തിൽ പ്രവർത്തിക്കണമെന്ന വ്യവസ്ഥ നിലവിൽ ഇല്ല. |
| (സി) ഇപ്രകാരം ലാഭത്തിൽ പ്രവർത്തിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ | (സി) പാലക്കാട്, വയനാട്, കൊല്ലം എന്നീ ജില്ലകളിൽ ആകെ 3 സംഘങ്ങൾ മാത്രമാണ് മൂന്ന് |

| | | | |
|---|---|---|---|
| | സഹകരണ സംഘങ്ങൾ എത്രയാണെന്നു പറയാമോ; | | വർഷം തുടർച്ചയായി ലാഭത്തിൽ പ്രവർത്തിക്കുന്നത്. |
| (ഡി) | പ്രസ്തുത സഹകരണ സംഘങ്ങൾ വഴി പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് എന്തെല്ലാം സഹായങ്ങൾ ലഭിക്കുന്നുണ്ട് എന്നറിയിക്കുമോ; | (ഡി) | ടി സഹകരണ സംഘങ്ങളിലെ അംഗങ്ങൾക്ക് കുറഞ്ഞ പലിശനിരക്കിൽ വായ്പ നൽകുന്ന പദ്ധതിയും പ്രോജക്ടുകളുടെ അടിസ്ഥാനത്തിൽ തൊഴിലധിഷ്ഠിത സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള ധനസഹായം, വനവിഭവങ്ങൾ ശേഖരിക്കുന്നതിനുള്ള ധനസഹായം, സ്വാശ്രയ ഗ്രൂപ്പുകൾ സമർപ്പിക്കുന്ന പ്രോജക്ടുകൾക്ക് വായ്പ നൽകുന്ന പദ്ധതികൾ എന്നിവ നടപ്പാക്കിവരുന്നുണ്ട്. കൂടാതെ അംഗങ്ങൾക്ക് ബോധവൽക്കരണ ക്ലാസ്സുകളും സംഘടിപ്പിച്ചുവരുന്നു. |
| (ഇ) | നിലവിലുള്ള നിയമത്തിൽ ഭേദഗതി വരുത്തി സഹകരണ സംഘങ്ങൾക്ക് ഓരോ വർഷവും ഒരു നിശ്ചിത തുക ടാർജറ്റ് നൽകി ജില്ലാ പഞ്ചായത്തിന്റെ സാമ്പത്തിക ആനുകൂല്യം നൽകുവാൻ നടപടി സ്വീകരിക്കുമോ? | (ഇ) | ജില്ലാ പഞ്ചായത്ത് വഴി പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്ക് ധനസഹായം അനുവദിക്കുന്നതിന് വ്യവസ്ഥകൾ നിലവിലുണ്ട്. ജില്ലാ പഞ്ചായത്തിൽ നിന്നും കൂടുതൽ ധനസഹായം അനുവദിക്കുന്നതിന് വ്യവസ്ഥകൾ ഭേദഗതി വരുത്തുന്നതുൾപ്പെടെയുള്ള കാര്യങ്ങൾ പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ